CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കുരിശിന്റെ വഴി

## (കുരിശിൽ മരിച്ചവനേ....)



## (ഗാനങ്ങളോടുകൂടിയത്)

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## പ്രാരംഭഗാനം

കുരിശിൽ മരിച്ചവനേ, കുരിശാലേ
വിജയം വരിച്ചവനേ,
മിഴിനീരൊഴുക്കിയങ്ങേ, കുരിശിന്റെ
വഴിയേവരുന്നു ഞങ്ങൾ.

ലോകൈകനാഥാ, നിൻ
ശിഷ്യനായ്ത്തീരുവാ-
നാശിപ്പോനെന്നുമെന്നും
കുരിശുവഹിച്ചു നിൻ
കാല്പാടു പിഞ്ചെല്ലാൻ
കല്പിച്ച നായകാ.

നിൻ ദിവ്യരക്തത്താ-
ലെൻ പാപമാലിന്യം
കഴുകേണമേ, ലോകനാഥാ.

## പ്രാരംഭ പ്രാർത്ഥന

നിത്യനായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. പാപികളായ മനുഷ്യർക്കുവേണ്ടി ജീവൻ ബലി കഴിക്കുവാൻ തിരുമനസ്സായ കർത്താവേ ഞങ്ങൾ അങ്ങേയ്ക്കു നന്ദിപറയുന്നു.

അങ്ങു ഞങ്ങളെ സ്നേഹിച്ചു: അവസാനംവരെ സ്നേഹിച്ചു. സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കു

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് അങ്ങ് അരുളി ച്ചെയ്തിട്ടുണ്ടല്ലോ. പീലാത്തോസിന്റെ ഭവനം മുതൽ ഗാഗുൽത്താവരെ കുരിശും വഹിച്ചുകൊണ്ടുള്ള അവസാ നയാത്ര അങ്ങേ സ്നേഹത്തിന്റെ ഏറ്റവും മഹത്തായ പ്രക ടനമായിരുന്നു. കണ്ണുനീരിന്റെയും രക്തത്തിന്റെയും ആ വഴിയിൽക്കൂടി വ്യാകുലയായ മാതാവിന്റെ പിന്നാലെ ഒരു തീർത്ഥയാത്രയായി ഞങ്ങളും അങ്ങയെ അനുഗമിക്കു ന്നു. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി ഞെരുക്കമുള്ളതും, വാതിൽ ഇടുങ്ങിയതുമാണെന്ന് ഞങ്ങളെ അറിയിച്ച കർത്താവേ, ജീവിതത്തിന്റെ ഓരോ ദിവസവും ഞങ്ങൾക്കുണ്ടാകുന്ന വേദനകളും കുരിശുകളും സന്തോ ഷത്തോടെ സഹിച്ചുകൊണ്ട് ആ ഇടുങ്ങിയ വഴിയിൽക്കൂടി സഞ്ചരിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.

കർത്താവേ അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ,

ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

*(ഒന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

മരണത്തിനായ് വിധിച്ചു, കറയറ്റ
ദൈവത്തിൻ കുഞ്ഞാടിനെ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



അപരാധിയായ് വിധിച്ചു കല്മഷം
കലരാത്ത കർത്താവിനെ.
അറിയാത്ത കുറ്റങ്ങൾ
നിരയായ് ചുമത്തി
പരിശുദ്ധനായ നിന്നിൽ;
കൈവല്യദാതാ, നിൻ
കാരുണ്യം കൈക്കൊണ്ടോർ
കദനത്തിലാഴ്ത്തി നിന്നെ!
അവസാനവിധിയിൽ നീ-
യലിവാർന്നു ഞങ്ങൾക്കാ-
യരുളേണമേ നാകഭാഗ്യം.

## ഒന്നാം സ്ഥലം

## ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെടുന്നു

ഈശോമിശിഹായെ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു: എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടു രക്ഷിച്ചു.

മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുള്ള ബലി ആരംഭിച്ചുകഴിഞ്ഞു. ഈശോ പീലാത്തോസിന്റെ മുമ്പിൽ നിൽക്കുന്നു. അവിടുത്തെ ഒന്നു നോക്കുക. ചമ്മട്ടിയടിയേറ്റ ശരീരം.. രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ.. തലയിൽ മുൾമുടി.. ഉറക്കമൊഴിഞ്ഞ കണ്ണുകൾ.. ക്ഷീണ

www.TheCMSIndia.org



ത്താൽ വിറക്കുന്ന കൈകാലുകൾ.. ദാഹിച്ചുവരണ്ട നാവ്.. ഉണങ്ങിയ ചുണ്ടുകൾ. പീലാത്തോസ് വിധിവാചകം ഉച്ചരിക്കുന്നു. കുറ്റമില്ലാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെട്ടു. എങ്കിലും അവിടുന്ന് എല്ലാം നിശ്ശബ്ദനായി സഹിക്കുന്നു.

എന്റെ ദൈവമായ കർത്താവേ, അങ്ങു കുറ്റമറ്റവനായിരുന്നിട്ടും കുരിശുമരണത്തിനു വിധിക്കപ്പെട്ടുവല്ലോ. എന്നെ മറ്റുള്ളവർ തെറ്റിദ്ധരിക്കുമ്പോഴും, നിർദ്ദയമായി വിമർശിക്കുമ്പോഴും കുറ്റക്കാരനായി വിധിക്കുമ്പോഴും അതെല്ലാം അങ്ങയെപ്പോലെ സമചിത്തനായി സഹിക്കുവാൻ എന്നെയനുഗ്രഹിക്കണമേ. അവരുടെ ഉദ്ദേശത്തെപ്പറ്റി ചിന്തിക്കാതെ അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമേ.

1 സ്വർഗ. 1 നന്മ.

കർത്താവേ...... പരിശുദ്ധ ദൈവമാതാവേ.........

*(രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കുരിശു ചുമന്നിടുന്നു ലോകത്തിൻ
വിനകൾ ചുമന്നിടുന്നു

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART